**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3061** **07-10-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിന് സംയോജിത നദീതട പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ വിവര ശേഖരണം ജില്ലാതലത്തിൽ നടന്നു വരുന്നു. ചാലക്കുടി പുഴയിൽ മേലൂർ പരിയാരം ഗ്രാമപഞ്ചായത്തുകൾ ബന്ധിപ്പിച്ചുകൊണ്ട് കൈയ്യാണിക്കടവിൽ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ 710 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി. പി. ആർ.) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ വിവര ശേഖരണം ജില്ലാതലത്തിൽ നടന്നു വരുന്നു. ചാലക്കുടി പുഴയിൽ മേലൂർ പരിയാരം ഗ്രാമപഞ്ചായത്തുകൾ ബന്ധിപ്പിച്ചുകൊണ്ട് കൈയ്യാണിക്കടവിൽ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ 710 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി. പി. ആർ.) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | മേലൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ വിവര ശേഖരണം ജില്ലാതലത്തിൽ നടന്നു വരുന്നു. ചാലക്കുടി പുഴയിൽ മേലൂർ പരിയാരം ഗ്രാമപഞ്ചായത്തുകൾ ബന്ധിപ്പിച്ചുകൊണ്ട് കൈയ്യാണിക്കടവിൽ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ 710 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി. പി. ആർ.) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതു പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | റിവർ ബേസിൻ കൺസെർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സുസ്ഥിരമായ നദീതട മാനേജ്മെന്റിനായുള്ള ഏറ്റവും ലളിതമായ മാതൃക സ്വീകരിച്ച്, നിലവിലുള്ള ഏജൻസികളെയോ പ്രക്രിയകളെയോ തടസ്സപ്പെടുത്താതെ മെച്ചപ്പെടുത്തലുകൾ കൊണ്ടുവരുന്ന ഒരു സംവിധാനമായാണ് സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) രൂപകൽപന ചെയ്തിരിക്കുന്നത്. ഒരു പുതിയ അതോറിറ്റി സ്ഥാപിക്കുന്നതിന് പകരം, നിലവിലുള്ള സർക്കാർ സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന ഒരു ചട്ടക്കൂട് രൂപപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. IWRM- ന്റെ ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യ ഘടകങ്ങളുടെ രൂപരേഖ നൽകുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല എന്നിവയ്ക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുന്നു, സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. വ്യക്തമായ റോളുകളും ഉത്തരവാദിത്തങ്ങളും നിർവചിക്കുന്നതിലൂടെ, ഈ ചട്ടക്കൂട് വകുപ്പുകളിലുടനീളം യോജിച്ച പ്രവർത്തനം വർദ്ധിപ്പിക്കാനും നദീതട പരിപാലന സംരംഭങ്ങളുടെ കാര്യക്ഷമതയും സ്വാധീനവും മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾ/ പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. നിലവിൽ അപ്രകാരമുള്ള സെക്ടറൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ